# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 46

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയുടെ വികാരി ജനറാളായി ദിവ്യശ്രീ ജോർജ്ജ് മാത്യു കശ്ശീശാ സഭാ ഓഫീസിൽ സേവനം അനുഷ്ഠിക്കുന്നതോടൊപ്പം നിരണം–മാരാമൺ, ചെങ്ങന്നൂർ– മാവേലിക്കര, റാന്നി–നിലയ്ക്കൽ എന്നീ ഭദ്രാസനങ്ങളുടെ വികാരി ജനറാളായും ചുമതലകൾ നിർവ്വഹിച്ചു വരുന്നു. സഭയിൽ കൂടുതൽ വികാരി ജനറാളന്മാരുടെ ശുശ്രൂഷ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സഭാ കൗൺസിലിന്റെ ആലോചനയോടും, എപ്പിസ്ക്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടും കൂടെ ദിവ്യശ്രീമാന്മാരായ ഡോ. ഈശോ മാത്യു (വികാരി, മാങ്ങാനം സെന്റ് പീറ്റേഴ്സ്), കെ. വൈ. ജേക്കബ് (വികാരി, നിരണം ജെറുശലേം), മാത്യു ജോൺ (വികാരി, മദ്രാസ് മാർത്തോമ്മ, ചെറ്റ്പട്ട്) എന്നീ കശ്ശീശ്ശന്മാരെ സഭയുടെ പുതിയ വികാരി ജനറാളന്മാരായി 2022 മാർച്ച് 1 മുതൽ നിയമിക്കുന്നു. 2022 ഏപ്രിൽ 30 വരെ അവർ നിലവിലുള്ള ചുമതലയിൽ തുടരുന്നതും മെയ് 1 മുതൽ താഴെ പറയുംവിധം പുതിയ ചുമതലകളിൽ പ്രവേശിക്കുന്നതുമാണ്.

| | | |
|---|---|---|
| റവ. ഡോ. ഈശോ മാത്യു | – | റാന്നി–നിലയ്ക്കൽ ഭദ്രാസനം |
| റവ. കെ. വൈ. ജേക്കബ് | – | കൊട്ടാരക്കര–പുനലൂർ ഭദ്രാസനം |
| റവ. മാത്യു ജോൺ | – | കോട്ടയം–കൊച്ചി ഭദ്രാസനം |

ഈ വൈദികരുടെ വികാരി ജനറാൾ നിയോഗശുശ്രൂഷ 2022 ഫെബ്രുവരി മാസം 28–ാം തീയതി തിങ്കളാഴ്ച രാവിലെ 7.30–ന് തിരുവല്ലാ സെന്തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തുന്നതാണ്. ഈ ശുശ്രൂഷയിൽ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് പങ്കെടുക്കാവുന്നവരുടെ എണ്ണം പരിമിതമാകയാൽ സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും വെബ്കാസ്റ്റ് ചെയ്യുന്നതാണ്.

പുതിയതായി ചുമതലയിൽ പ്രവേശിക്കുന്ന വികാരി ജനറാളന്മാരുടെ സേവനങ്ങളും നേതൃത്വവും സഭയുടെ സമഗ്രവികസനത്തിനും, സുവിശേഷത്തിന്റെ പ്രഘോഷണത്തിനും ദൗത്യത്തിന്റെ പുരോഗമനത്തിനും മുഖാന്തിരമായിത്തീരുവാൻ എല്ലാവരുടെയും നിസ്സീമമായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 ഫെബ്രുവരി 23–ാം തീയതി,

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**FROM THE APOSTOLIC SEE OF MALANKARA METROPOLITAN**
**DR. THEODOSIUS MAR THOMA**

**Circular Number: 46**

*Blessings to you, all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Beloved in Christ,

Very Rev. George Mathew is currently serving as the Senior Vicar General in the Sabha Office as well as the Vicar General of Niranam – Maramon, Chengannur – Mavelikara and Ranni – Nilackal Dioceses. As the need for more Vicars General is felt, Rev. Dr. Easow Mathew (Vicar, Manganam St. Peter's), Rev. K. Y. Jacob (Vicar, Niranam Jerusalem) and Rev. Mathew John (Vicar, Madras Mar Thoma, Chetpet) are appointed with effect from 01.03.2022 as Vicars General in consultation with the Sabha Council and with the approval of the Episcopal Synod. They will continue in their present responsibilities till 2022 April 30th and from May 1st they will be assigned with new responsibilities as below:

| | |
|---|---|
| Rev. Dr. Easow Mathew | - Ranni – Nilackal Diocesan Vicar General |
| Rev. K. Y. Jacob | - Kottarakara – Punalur Diocesan Vicar General |
| Rev. Mathew John | - Kottayam – Kochi Diocesan Vicar General |

The installation service of these clergy as the Vicars General will be held at 7:30 AM on 2022 February 28th at the Thiruvalla St. Thomas Mar Thoma Church. Due to Covid Protocol the number of participants is restricted and the service will be webcasted through the website of the Church and Social Media Platforms.

I request the fervent prayers and cooperation of all, that the leadership and service of the Vicars General who are assuming new responsibilities be helpful for the holistic development of the Church, the proclamation of the gospel and the advancement of the Church's Mission.

Grace be with you all.

Dated 23rd of February 2022 from the Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**